# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 301 — 14.03.2018 — ൽ മറുപടിക്ക്

## ഭക്ഷ്യവിതരണം ഫലപ്രദമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. കെ. സി. മമ്മത് കോയ<br>,, കെ.വി.വിജയദാസ്<br>,, കെ.വി.അബ്ദുൾ ഖാദർ<br>,, ആന്റണി ജോൺ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ഭക്ഷ്യ വിതരണവും സിവിൽ സപ്ലൈസും കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിനായി കേരള റേഷനിംഗ് ഓർഡറിലും സിവിൽ സപ്ലൈസ് മാന്വലിലും പരിഷ്കരണം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 - നെ അടിസ്ഥാനപ്പെടുത്തി കേരള റേഷനിംഗ് ഓർഡർ പുതുക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. സിവിൽ സപ്ലൈസ് മാന്വൽ പരിഷ്കരിക്കുന്നതിന് റേഷനിംഗ് കൺട്രോളറുടെ അദ്ധ്യക്ഷതയിൽ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) ഭക്ഷ്യ ഭദ്രതാ നിയമം കർശനമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സോഷ്യൽ ഓഡിറ്റ് അഡ്വൈസറി കമ്മിറ്റിയും സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയും രൂപീകരിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ; | (ബി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന രീതിയിലുള്ള സോഷ്യൽ ആഡിറ്റിന്റെ പരീക്ഷണാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനായി ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ് സോഷ്യൽ ഓഡിറ്റ് (പൈലറ്റ് പ്രോജക്ട്) നടത്തി റിപ്പോർട്ട് നൽകുന്ന മുറയ്ക്ക് സംസ്ഥാനത്ത് സോഷ്യൽ ഓഡിറ്റ് പ്രാവർത്തികമാവും. |
| (സി) പൊതുവിതരണ സമ്പ്രദായത്തിൽ പരമാവധി ആളുകളെ ഉൾപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (സി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി മുൻഗണനാ വിഭാഗത്തിലെ ഉപഭോക്താക്കളെ കണ്ടെത്തുന്നതിന് പ്രീ-പോപ്പുലേറ്റഡ് ഫോറത്തിൽ കാർഡുടമകൾ നൽകിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ കരട് മുൻഗണനാ പട്ടിക തയ്യാറാക്കുകയും കൃത്യമായ നടപടികളിലൂടെ റീ റാങ്കിംഗ് നടത്തി അന്തിമ പട്ടിക |

പ്രസിദ്ധീകരിക്കുകയും 01.06.2017 മുതൽ പ്രസ്തുത പട്ടികയുടെ അടിസ്ഥാനത്തിൽ റേഷൻ വിതരണം തുടർന്നു വരുകയും ചെയ്യുന്നു. അന്തിമ ലിസ്റ്റ് പരിശോധിച്ചപ്പോൾ മുൻഗണനാ പട്ടികയിൽ ധാരാളം അപാകതകൾ ഉള്ളതായും, ഈ ലിസ്റ്റിൽ ഉൾപ്പെടേണ്ടിയിരുന്ന സമൂഹത്തിലെ ചില ദുർബല വിഭാഗങ്ങൾ ഒഴിവാക്കപ്പെട്ടിട്ടുള്ളതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നേരത്തെ അംഗീകരിച്ച മാനദണ്ഡങ്ങൾ പുന:ക്രമീകരിക്കുകയുണ്ടായി. മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അനർഹരെ ഒഴിവാക്കി പ്രസ്തുത ഒഴിവുകളിൽ അർഹരെ ഉൾപ്പെടുത്തി ഏപ്രിൽ മധ്യത്തോടെ പട്ടിക കൃത്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ 2015 ലെ പി.ഡി.എസ് കൺട്രോൾ ഓർഡർ ക്ലോസ് 13 പ്രകാരം മുൻഗണനാ പട്ടിക ക്രമമായ കാലയളവിൽ പുന:പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. വിവിധ വകുപ്പുകളുടെ സഹായത്തോടെ പരമാവധി അനർഹരെ ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മുൻഗണനാ വിഭാഗത്തിന് പുറമേ ടൈഡ്ഓവർ വിഹിതത്തിൽ നിന്ന് ലഭ്യതയനുസരിച്ച് അരിയും, ഗോതമ്പും/ ആട്ടയും മുൻഗണനേതര വിഭാഗത്തിന് നൽകിവരുന്നു.

എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീൻ സ്ഥാപിച്ച് ആധാർ അധിഷ്ഠിത ബയോമെട്രിക് രീതിയിൽ റേഷൻ വിതരണം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ആയതിലൂടെ യഥാർത്ഥ ഗുണഭോക്താവിനെത്തന്നെ തിരിച്ചറിഞ്ഞ് അർഹതപ്പെട്ട റേഷൻ വിഹിതം ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുന്നതാണ്.

| | |
|---|---|
| (ഡി) ഭക്ഷ്യഭദ്രതയുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് നവകേരള മിഷന്റെ ഉപഘടകമായ ഹരിത കേരളത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) കേരളത്തിൽ നെൽകൃഷിയുടെ വിസ്തീർണ്ണം 2 ലക്ഷം ഹെക്ടറിൽ നിന്നും 3 ലക്ഷം ഹെക്ടറിലേക്ക് ഉയർത്തുന്നതിനുള്ള നടപടികൾ ഹരിതകേരളം മിഷന്റെ ഭാഗമായി സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തെ കൃഷി യോഗ്യമായ മുഴുവൻ തരിശു ഭൂമികളും കണ്ടെത്തി ഓരോ ബ്ലോക്ക് പഞ്ചായത്തിന്റെയും പരിധിയിലുള്ള ഒരു പഞ്ചായത്തെങ്കിലും സമ്പൂർണ്ണ തരിശ് രഹിത പഞ്ചായത്തായി പ്രഖ്യാപിക്കുന്നതിനുള്ള കർമ്മ പരിപാടി തയ്യാറാക്കി പ്രവർത്തനങ്ങൾ നടത്തി വരുന്നു. അങ്ങനെ സംസ്ഥാനത്താകെ 152 പഞ്ചായത്തുകളെങ്കിലും തരിശുരഹിത പഞ്ചായത്തുകളാക്കാനും അതുവഴി കാർഷിക മേഖലയിലെ ഉന്നമനത്തിലൂടെ ഭക്ഷ്യഭദ്രത ഉറപ്പുവരുത്താനാകുമെന്നും പ്രതീക്ഷിക്കുന്നു. |

*സെക്ഷൻ ഓഫീസർ*